**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2730** **13-12-2022 - ൽ മറുപടിയ്ക്ക്**

**അങ്കമാലി അയ്യമ്പുഴ പഞ്ചായത്തിൽ ഗിഫ്റ്റ് സിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി മണ്ഡലത്തിലെ അയ്യമ്പുഴ പഞ്ചായത്തിൽ ഗിഫ്റ്റ് സിറ്റിക്കായി എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്തതെന്ന് വ്യക്തമാക്കാമോ; ഏറ്റെടുത്ത ഭൂമിയുടെ വില എത്ര പേർക്കാണ് പൂർണ്ണമായും നൽകിയതെന്ന് വ്യക്തമാക്കാമോ; ഭൂവുടമകൾക്ക് വില നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ; | (എ) | കൊച്ചി - ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി വികസിപ്പിക്കുന്ന ഗിഫ്റ്റ് സിറ്റി പദ്ധതിക്കായി എറണാകുളം ജില്ലയിലെ അയ്യമ്പുഴ വില്ലേജിലെ റീ സർവ്വേ ബ്ലോക്ക് 19 -ൽ വിവിധ സർവ്വേ നമ്പറുകളിലായി 144.9759 ഹെക്ടർ (358 ഏക്കർ) ഭൂമി പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുവാനാണ് 2013-ലെ RFCTLARR (റൈറ്റ് റ്റു ഫെയർ കോംപൻസേഷൻ & ട്രാൻസ്പേരൻസി ഇൻ ലാൻഡ് അക്വിസിഷൻ, റീ ഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് ആക്ട്) നിയമത്തിലെ വകുപ്പ് 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം 04.10.2021-ൽ പുറപ്പെടുവിച്ചിട്ടുള്ളത്. നേരത്തെ പദ്ധതിക്കായി 220 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്. ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഭൂവുടമകൾ സമരസമിതി രൂപീകരിച്ച് പ്രക്ഷോഭം നടത്തുകയും തുടർന്ന് ജില്ലാ കളക്ടറും ജനപ്രതിനിധികളും അർത്ഥനാധികാരിയുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയെ പ്രതികൂലമായി ബാധിക്കാത്ത രീതിയിലും താമസവീടുകൾ പരമാവധി ഒഴിവാക്കിക്കൊണ്ടും 220 ഹെക്ടറിന് പകരം ആകെ 144.9759ഹെക്ടർ സ്ഥലം മാത്രം ഏറ്റെടുക്കുന്നതിന് തീരുമാനിക്കുകയും ഇതിൻപ്രകാരമുള്ള പുതിയ അലൈൻമെന്റ് സ്കെച്ച് അർത്ഥനാധികാരി (കിൻഫ്ര) ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കലിന്റെ ആവശ്യത്തിലേക്കായി ഭൂമി സർവ്വേ; എടുപ്പുകളുടെയും വൃക്ഷങ്ങളുടെയും വില നിർണ്ണയം തുടങ്ങിയ ജോലികൾ പൂർത്തീകരിച്ചു. പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജ് 09/03/2022-ൽ ലാൻഡ് റവന്യൂ കമ്മീഷണർ അംഗീകരിക്കുകയും ചെയ്തു. നിയമത്തിലെ വകുപ്പ് 19(1) പ്രകാരമുള്ള പ്രഖ്യാപനം പുറപ്പെടുവിക്കുവാൻ സ്ഥലമെടുപ്പ് |

| | | | |
|---|---|---|---|
| | | | തഹസിൽദാർ ഓഫീസിലും എറണാകുളം ജില്ലാ കളക്ടറേറ്റിലും നടപടികൾ സ്വീകരിച്ചു. എന്നാൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന ടി പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ മാർക്കറ്റ് വില കൂടുതലാണെന്നും സ്ഥലമെടുപ്പിനായി അനുവദിച്ചിരുന്ന 540 കോടി രൂപ ഭൂമിയുടെ ഫെയർ വാല്യുവിനെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള താണെന്നും എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയും പ്രൊജക്റ്റിന് തദനുസരണമായി പുതുക്കിയ ഭരണാനുമതി നൽകണമെന്ന് കിൻഫ്ര മനേജിംഗ് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ 2013-ലെ LARR നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ, മാർക്കറ്റ് വില അടിസ്ഥാനപ്പെടുത്തി 144.9759 ഹെക്ടർ (358 ഏക്കർ) സ്ഥലം ഏറ്റെടുക്കുന്നതിന് 840 കോടി രൂപയുള്ള പുതുക്കിയ ഭരണാനുമതി 23.07.2022-ലെ ജി.ഒ (ആർ.റ്റി) നം. 753/2022/വ്യവ നമ്പർ പ്രകാരം സർക്കാർ നൽകി. വകുപ്പ് 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനത്തിന്റെ കാലാവധി 04.10.2022 മുതൽ 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് 17.10.2022 -ലെ ജി. ഒ. (പി) നം. 263/2022/റവന്യൂ പ്രകാരവും ഉത്തരവായി. കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഡ്രാഫ്റ്റ് ഡിക്ലറേഷൻ പ്രസിദ്ധപ്പെടുത്തുന്നതും സ്ഥലവില നിർണയിച്ച് കക്ഷികൾക്ക് ഭൂമിയുടെ വില നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (ബി) | സർവ്വേ നടപടി ആരംഭിച്ച ഘട്ടത്തിൽ നടത്തിയ പ്രതിഷേധങ്ങളുടെ ഭാഗമായി എടുത്ത കേസുകൾ പിൻവലിക്കാമെന്ന് നൽകിയ വാഗ്ദാനം പാലിക്കപ്പെട്ടിരുന്നോ; എത്ര കേസുകളാണ് പിൻവലിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; ഇവരുടെ കേസുകൾ പിൻവലിക്കുന്നതിന് ആവശ്യമായ ഇടപെടൽ വ്യവസായ വകുപ്പിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | എറണാകുളം അയ്യമ്പുഴ വില്ലേജിൽപ്പെട്ട പത്തൊൻപതാം ബ്ലോക്കിൽപ്പെട്ട സ്ഥലത്ത് ഗിഫ്റ്റ് സിറ്റി എന്ന ടൗൺഷിപ്പ് സ്ഥാപിക്കുന്നതിനെതിരെ പ്രദേശവാസികൾ ജനകീയസമിതി രൂപീകരിച്ച് 2020, 2021 വർഷങ്ങളിൽ പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ടി സംഭവങ്ങളുമായി ബന്ധപ്പെട്ട് 5 കേസുകൾ രജിസ്റ്റർ ചെയ്തിരുന്നു. ടി കേസുകളിൽ അന്വേഷണം പൂർത്തിയാക്കി പെരുമ്പാവൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി IV-ൽ പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ടി കേസുകൾ വിചാരണാവസ്ഥയിലാണ്. |
| (സി) | ഭൂമി വിട്ടു നൽകിയവർക്ക് വില നൽകാത്തതിനാൽ മക്കളുടെ വിദ്യാഭ്യാസം, വിവാഹം, പാർപ്പിട നിർമ്മാണം തുടങ്ങിയ ആവശ്യങ്ങൾക്കായി ഇവർ നേരിടുന്ന പ്രയാസം കണക്കിലെടുത്ത് എത്രയും | (സി) | കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഡ്രാഫ്റ്റ് ഡിക്ലറേഷൻ പ്രസിദ്ധപ്പെടുത്തുന്നതും സ്ഥലവില നിർണയിച്ച് |

| | | | |
|---|---|---|---|
| | വേഗം പണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | | കക്ഷികൾക്ക് ഭൂമിയുടെ വില നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ